# പതിമൂന്നാം കേരള നിയമസഭ
## 4-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :768 08.03.2012-ൽ മറുപടിയ്ക്ക്

## പേരാമ്പ്ര സമഗ്ര കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പേരാമ്പ്രയിലും സമീപ പഞ്ചായത്തുകളിലും കുടിവെള്ളം വിതരണം ചെയ്യാനുള്ള സമഗ്ര കുടിവെള്ള പദ്ധതിയ്ക്ക് കേരള വാട്ടർ അതോറിറ്റി രൂപം കൊടുത്തത് എപ്പോഴാണ് എന്ന് വെളിപ്പെടുത്തുമോ; | (എ) പ്രസ്തുത കുടിവെള്ള പദ്ധതിയ്ക്ക് 1986-ൽ ആണ് വാട്ടർ അതോറിറ്റി രൂപം നൽകിയത്. |
| (ബി) പ്രസ്തുത പദ്ധതി വിഭാവനം ചെയ്ത തരത്തിൽ കുടിവെള്ള വിതരണം നടത്താൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) പദ്ധതി വിഭാവനം ചെയ്ത തരത്തിൽ കുടിവെള്ള വിതരണം നടത്താൻ കഴിഞ്ഞിട്ടില്ല.<br>ചക്കിട്ടപാറ, ചങ്ങരോത്ത്, പേരാമ്പ്ര, കൂത്താളി എന്നീ പഞ്ചായത്തുകളിൽ ഭാഗികമായി ജലവിതരണം നടത്താൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മേപ്പയ്യൂർ, മൂടാടി, നൊച്ചാട്, നടുവള്ളൂർ, ഉള്ളേരി, കൊയിലാണ്ടി, കോട്ടൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഭാഗികമായി പോലും പ്രസ്തുത പദ്ധതിയിൽ നിന്നും ശുദ്ധജലം നൽകാൻ ഇതു വരെ കഴിഞ്ഞിട്ടില്ല. |
| (സി) കുടിവെള്ള വിതരണം കാര്യക്ഷമമായി നടത്തുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്നു വെളിപ്പെടുത്തുമോ; | (സി) കുടിവെള്ള വിതരണം കാര്യക്ഷമമായി നടത്തുന്നതിന് നിലവിലുള്ള സംഭരണി, ശുദ്ധീകരണശാല എന്നിവ ഒഴികെയുള്ള അനുബന്ധ ഘടകങ്ങൾക്ക് കാലാനുസൃതമായ വിപുലീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. |
| (ഡി) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീ | (ഡി) കുടിവെള്ള വിതരണം കാര്യക്ഷമമായി നടത്തുന്നതിനുള്ള തടസ്സങ്ങൾ |

| | | | |
|---|---|---|---|
| | കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | | പരിഹരിക്കുന്നതിന് ഒന്നാം ഘട്ടം എന്ന നിലയിൽ സോൺ 1-ലെയും സോൺ-2-ലെ പേരാമ്പ്ര പഞ്ചായത്തിലെയും ട്രാൻസ്മിഷൻ ലൈനും വിതരണ ശൃംഖലയും മാറ്റി സ്ഥാപിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്തു വരുന്നു. |
| (ഇ) | പ്രസ്തുത പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കു വേണ്ടി തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | പ്രസ്തുത പദ്ധതിയിലെ ഒന്നാം ഘട്ടത്തിന്റെ വിപുലീകരണ/പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായുള്ള പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ഈ പദ്ധതിയ്ക്ക് ഏകദേശം 10 കോടി രൂപമതിപ്പു ചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**